# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3128 — 28.01.2014-ൽ മറുപടിയ്ക്ക്

## റോഡ് നഗരവികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>,, എ.റ്റി.ജോർജ്<br>,, വി.റ്റി.ബൽറാം<br>,, അൻവർ സാദത്ത് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡ് നഗരവികസനപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ റോഡു വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിന്റെ രൂപീകരണം വഴി നേടാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം | (ബി) ഉന്നത ഗുണനിലവാരവും ഈടുള്ളതുമായ റോഡുകൾ, വാഹനയാത്രക്കാരുടെ സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യവും ഉറപ്പാക്കുന്ന ഓട പാകിയ നടപ്പാതകൾ, ഉന്നത നിലവാരത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേട്ടുകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) ഏത് വ്യവസ്ഥയിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നത് ; വിശദമാക്കുമോ ; | (സി) പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ബി.ഒ.റ്റി-ആന്വിറ്റി വ്യവസ്ഥയിലാണ് പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ പദ്ധതിക്കാവശ്യമായ പണം സമാഹരിക്കുന്നത് പദ്ധതിയുടെ കൺസഷണർ ആണ്. ഇതുമൂലം സർക്കാരിന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭാരിച്ച തുക ആദ്യമേ വഹിക്കേണ്ടി വരുന്നില്ല. പദ്ധതി പൂർത്തിയാക്കിയ ശേഷം വാർഷിക ആന്വിറ്റി വഴി മുടക്കിയ തുക കൺസഷണർക്ക് തിരികെ നൽകുന്നതാണ്. |
| (ഡി) എല്ലാ നഗരങ്ങളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) തിരുവനന്തപുരം കൂടാതെ കോഴിക്കോട്, കൊച്ചി, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കൊല്ലം എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ